# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.450 — 03.03.2020-ൽ മറുപടിയ്ക്ക്

### ഭാഗ്യക്കുറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി നടപടി

| | ചോദ്യം<br>ശ്രീ.ജെയിംസ് മാത്യു<br>,, പി.വി. അൻവർ<br>,, മുരളി പെരുനെല്ലി<br>,, സി. കെ. ശശീന്ദ്രൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭാഗ്യക്കുറിയുടെ വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സമ്മാനങ്ങളുടെ തുകയിലും എണ്ണത്തിലും വർദ്ധനവ് വരുത്തി സമ്മാനഘടന നിരവധി തവണ ആകർഷകമാക്കി പരിഷ്ക്കരിച്ചിട്ടുണ്ട്. 30/-രൂപ വിൽപ്പന വിലയുണ്ടായിരുന്ന ഭാഗ്യക്കുറി ടിക്കറ്റുകൾ ഘട്ടം ഘട്ടമായി 108 ലക്ഷം വരെ അച്ചടിക്കുകയും ഇതുവഴി വരുമാനം ഗണ്യമായി വർധിപ്പിക്കുവാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. ഭാഗ്യക്കുറി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി നിലവിലുണ്ടായിരുന്ന ഓഫീസുകൾക്ക പുറമെ 18 സബ് ഓഫീസുകൾ കൂടി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി നവകേരള (NK-1) എന്ന പേരിൽ ഒരു ഭാഗ്യക്കുറി നറുക്കെടുപ്പ് നടത്തുകയും അറ്റാദായമായി 16.57 കോടി രൂപ സർക്കാർ ഖജാനാവിലേക്ക മുതൽക്കൂട്ടുകയും ചെയ്തിട്ടുണ്ട്. എല്ലാ ബമ്പർ നറുക്കെടു പ്പുകളുടെയും സമ്മാനഘടന ആകർഷകമായി പരിഷ്കരിക്കുക വഴി ബമ്പർ നറുക്കെടുപ്പുകളിലും വരുമാനം വർധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ലോട്ടറി മാഫിയയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) & (സി) | കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാന ഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക് കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി നിയമം 2018 -ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചരക്ക സേവന നികുതി ചട്ടം 56 (19) പ്രകാരം സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. 1) വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം ലോട്ടറി (റെഗുലേഷൻ) നിയമം 2010 ലെ നിയമം 3(3) & (4) പ്രകാരം അറിയിക്കേണ്ടതാണ്.<br>2) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത്, അവർ വിതരണക്കാരുടെയും വില്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ടതാണ്.<br>3) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെ നിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ് .<br>4) വിൽപനക്കായി നൽകിയ ടിക്കറ്റുകളുടെ |
| (സി) | ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലോട്ടറി തടയുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വില്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാന തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വില്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വില്പനയിൽ നിന്നും ലഭിച്ച തുക ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.<br>മേല്പറഞ്ഞ നിർദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56 (20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വില്പന നടത്തുന്ന ഏജന്റ്/വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള 'ഇൻഫർമേഷൻ റിട്ടേൺ'-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിധോധന നടത്തുന്നതിലേക്കായി ആവശ്യപ്പെടുമ്പോഴും, അവയിൽ വില്പന നടത്താതെ അവശേഷിക്കുന്ന ടിക്കറ്റുകൾ, അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. |

Puja

സെക്ഷൻ ഓഫീസർ